بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 15-10-2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## നബി(സ)തിരുമേനിയുടെ റാഷിദ് ഖലീഫ മഹാനായ ഫാറൂഖ് ഹദ്റത്ത് ഉമറുബ്നു ഖത്വാബ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിവരണം.

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ. أَمَّا بَعْدُ

فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ.

الْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ۝ الرَّحْمٰنِ الرَّحِيمِ ۝ مٰلِكِ يَوْمِ الدِّينِ ۝ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۝ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ ۝ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്തു സംബന്ധിച്ച് സ്വഹീഹ് ബുഖാരിയിലെ നിവേദനത്തിൽ നിന്നും മനസ്സിലാകുന്നത് സുബഹി നമസ്കാരത്തിന്റെ സമയത്താണ് അദ്ദേഹത്തിനു മേൽ ആക്രമണമുണ്ടണ്ടായത് എന്നാണ്. എന്നാൽ ഇതെ കുറിച്ചുള്ള മറ്റൊരു നിവേദനം ഇപ്രകാരമാണ്, ഹദ്റത്ത് ഇബ്നു അബ്ബാസ് പറയുന്നു; രക്തം വാർന്നൊഴുകിയ കാരണത്താൽ ഹദ്റത്ത് ഉമർ(റ) അബോധാവസ്ഥയിലായി. അപ്പോൾ ഞാൻ കുറച്ച് ആളുകളെയും കൂട്ടി അദ്ദേഹത്തെ എടുത്ത് വീട്ടിൽ കൊണ്ടുപോയി. നേരം വെളുത്തപ്പോൾ അദ്ദേഹത്തിന് ബോധം തെളിഞ്ഞു. ജനങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ, അവർ നമസ്കരിച്ചു എന്നു മറുപടി ലഭിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു; നമസ്കാരം ഉപേക്ഷിച്ചവന്റെ ഇസ്‌ലാം വ്യർഥമാണ്. ശേഷം അദ്ദേഹം വുളു എടുത്ത് നമസ്കരിച്ചു. ഹദ്റത്ത് ഉമർ(റ)നെ വീട്ടിലെത്തിച്ച ശേഷം ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ) നമസ്കരിപ്പിച്ചെന്നും നമസ്കാരത്തിൽ ചെറിയ രണ്ടു സൂറത്തുകളാണ് ഓതിയതെന്നുമാണ് ത്വബ്ഖാത്തുൽ കുബ്റായിൽ വിവരിച്ചിരിക്കുന്നത്.

ത്വബ്ഖാത്തുൽ കുബ്റായിൽ എഴുതിയിരിക്കുന്നു; ഹദ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ), ഹദ്റത്ത് ഉമർ(റ)നെ കഠാര കൊണ്ട് കുത്തിയതാരെന്ന് അന്വേഷിച്ചപ്പോൾ ജനങ്ങൾ മുഗീറാബ്നു ശഅ്ബയുടെ അടിമയായ അബൂലുഅ്ലുഅ് ആണെന്നു പറഞ്ഞു. അയാൾ പിടിക്കപ്പെട്ടപ്പോൾ അയാൾ അതേ കഠാരകൊണ്ട് സ്വയം കുത്തി ആത്മഹത്യ ചെയ്യുകയാണുണ്ടായത്. അബൂലുഅ്ലുഅ് ഫൈറോസ് പെട്ടന്നുണ്ടായ കോപതാപങ്ങൾക്ക് അടിപ്പെട്ട് ഹദ്റത്ത് ഉമർ(റ)നെ വധിക്കുകയായിരുന്നു എന്നാണ് ആദ്യകാല ചരിത്ര വിവരണങ്ങളിലുള്ളത്.

സുപ്രധാന ചരിത്ര ഗ്രന്ഥമായ അൽബദായ വന്നിഹായ എന്ന പുസ്തകത്തിൽ ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്തിൽ ഹുർമസാൻ, ജുഫൈന എന്നിവർക്കു പങ്കുള്ളതായി സംശയം പ്രകടിപ്പിച്ച കാരണത്താൽ പില്കാല ചരിത്രകാരന്മാർ ഹദ്റത്ത് ഉമർ(റ)ന്റെത് ഒരു ആസൂത്രിത കൊലപാതകമായി കണക്കാക്കിയിരിക്കുന്നു. മുസ്‌ലിമായി മദീനയിൽ താമസിച്ചിരുന്ന ഇറാനിലെ സൈന്യാധിപനായ ഹുർമസാനെയും അതിൽ ഉൾപ്പെടുത്തിയിരുന്നു.

മുഹമ്മദ് റസാ സാഹിബ് തന്റെ സീറത്ത് ഉമർ ഫാറൂഖ് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതുന്നു; ഹദ്റത്ത് ഉമർ(റ) കൂഫയിലെ ഭരണാധികാരിയായ ഹദ്റത്ത് മുഗീറാ ഇബ്നു ശിഅ്ബ യുടെ ശിപാർശ പ്രകാരം അദ്ദേഹത്തിന്റെ അബൂ ലുഅ്ലുഅ് എന്നു പേരായ കൊല്ലപ്പണിയിലും കൊത്തുപണികളിലും ആശാരിപ്പണിയിലും വിദഗ്ദനായിരുന്ന ഒരു അടിമക്ക് മദീനയിൽ പ്രവേശിക്കാൻ അനുമതി നൽകി. ഹദ്റത്ത് മുഗീറ(റ) മാസം തോറും തനിക്ക് നൂറു ദിർഹം ടാക്സ് നിശ്ചയിച്ചിരിക്കുകയാണെന്ന അയാളുടെ പരാതിയിൽ ഹദ്റത്ത് ഉമർ(റ) ടാക്സ് അയാളുടെ ജോലി മികവിന് അനുസൃതമാണെന്ന് വിധിച്ചു. അതിൽ അയാൾക്ക് രസിച്ചില്ല. ഒരിക്കൽ ഹദ്റത്ത് ഉമർ(റ) അയാളോട് കാറ്റാടികൊണ്ടുള്ള ചക്ക് നിർമ്മിക്കുന്ന കാര്യത്തെക്കുറിച്ച് ചോദിച്ചു. അതിൽ അയാൾ കുപിതനാകുകയും ജനങ്ങൾക്കിടയിൽ ചർച്ചാവിഷയമാക്കുന്ന ഒരു ചക്ക് തന്നെ ഞാൻ താങ്കൾക്കുവേണ്ടി നിർമ്മിക്കുന്നതാണ് എന്ന് ഭീഷണിസ്വരത്തിൽ പറയുകയുമുണ്ടായി. അങ്ങനെ അയാൾ ഹദ്റത്ത് ഉമർ(റ)നെ ശഹീദാക്കണമെന്ന ഉറച്ച തീരുമാനത്തോടെ മധ്യഭാഗത്ത് കൈപ്പിടിയുള്ള ഇരുതലമൂർച്ചയുള്ള ഒരു കഠാരയുണ്ടാക്കി അതിൽ വിഷം പുരട്ടിയ ശേഷം ഇറാനിയൻ സൈന്യാധിപനായ ഹുർമസാന് അതു കാണിച്ചു കൊടുത്തു. അതുകൊണ്ട് കുത്തേറ്റയാൾ ഉറപ്പായും മരിക്കുന്നതാണെന്ന് ഹുർമസാൻ അഭിപ്രായപ്പെട്ടു. ചില പില്കാല ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത് ഹുർമസാനെ മുസ്‌ലിംകൾ തുസ്തർ എന്ന സ്ഥലത്തുവച്ച് തടവിലാക്കി മദീനയിലേക്ക് അയച്ചപ്പോൾ മരണഭയത്താലാണ് അയാൾ മുസ്‌ലിമായെന്നാണ്.

ത്വബ്ഖാത്ത് ഇബ്നു സഅദിയിൽ നാഫിഇന്റെ നിവേദപ്രകാരം ഹദ്റത്ത് ഉമർ(റ)നെ ശഹീദാക്കാനായി ഉപയോഗിച്ച കഠാര ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ), ഹുർമസാന്റെയും ജുഫൈനയുടെയും കയ്യിൽ കണ്ടിരുന്നു. ത്വിബ്രിയിൽ സഈദുബ്നു മുസയ്യിബിന്റെ നിവേദനത്തിലുള്ളത് അബ്ദുറഹ് മാനുബ്നു അബീബക്കർ(റ) ആ കഠാര അബൂലുഅ്ലുഇന്റെയും ജുഫൈനയുടെയും മധ്യത്തിൽ വീഴുന്നത് കണ്ടിരുന്നു എന്നാണ്. ഹദ്റത്ത് ഉബൈദുല്ലാഹിബ്നു ഉമർ(റ) ഇതറിഞ്ഞപ്പോൾ അവരിരുവരെയും വാളിനിരയാക്കി. മറ്റൊരു സ്ഥലത്ത് വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്; ഹദ്റത്ത് അബ്ദുറഹാ മാനുബ്നു ഉമർ(റ) ഹുർമസാനു നേരെ വാളോങ്ങിയപ്പോൾ അയാൾ *ലാ ഇലാഹ ഇല്ലല്ലാഹ്* എന്ന് ചൊല്ലി. ജുഫൈനയുടെ നേരെ വാളോങ്ങിയപ്പോൾ അയാൾ തന്റെ കണ്ണുകൾക്കുമേൽ

കുരിശു വരച്ചു. തുടർന്ന് അബൂലുഅ്‌ലുഇന്റെ മകളെയും കൊലപ്പെടുത്തി.

ഒരു ജീവചരിത്രകാരായ ഡോക്ടർ മുഹമ്മദ് ഹുസൈൻ ഹൈക്കൽ തന്റെ പുസ്തകത്തിൽ എഴുതുന്നു; മുസ്‌ലിംകളിൽ നിന്നുമേറ്റ പരാജയത്താൽ ഇറാനിലെ യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും പൊതുവെ അറബികൾക്കെതിരിലും പ്രത്യേകിച്ച് ഹദ്റത്ത് ഉമർ(റ)നെതിരെയും വിദ്വേഷവും പകയുമുണ്ടായിരുന്നു. അവരത് മറച്ചു വയ്ക്കുകയായിരുന്നു. അബൂലുഅ്‌ലുഇന്റെ പ്രവൃത്തി മദീനയിലെ അനറബികളായ അമുസ്‌ലീങ്ങളുടെ പകയും പ്രതികാരവും നിറഞ്ഞ ചെറുസംഘത്തിന്റെ ഗൂഢാലോചനയുടെ ഫലമാകാൻ സാധ്യതയുണ്ട്. അബൂലുഅ്‌ലുഅ് ഫൈറോസ് ആത്മഹത്യ ചെയ്തില്ലായിരുന്നുവെങ്കിൽ ഹദ്റത്ത് ഉമർ(റ)ന്റെ മക്കൾക്ക് ഈ ഗൂഢാലോചനയുടെ അടിത്തട്ടിലേക്കിറങ്ങിച്ചെല്ലാൻ സാധിക്കുമായിരുന്നു. എന്നാൽ ദൈവവിധിയാലെ അതിലേക്കുള്ള തെളിവുകൾ ലഭ്യമായി. ഹദ്റത്ത് ഉമറി(റ)നെ ശഹീദാക്കിയ കഠാര ഹുർമസാന്റെയും ജുഫൈനയുടെ പക്കലുണ്ടായിരുന്നതായി മുസ്‌ലിംകളിൽ ഏറ്റവുമധികം വിശ്വസനീയരായവർ തന്നെ, അതായത് ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഔഫും ഹദ്റത്ത് അബ്ദുറഹ് മാനുബ്നു അബീബക്കറും(റ) സാക്ഷിമൊഴി നല്കി. അതിനു ശേഷം ഹദ്റത്ത് ഉമർ ആ ഗൂഢാലോചനയ്ക്ക് ഇരയായതാണെന്നതിൽ സംശയത്തിന് യാതൊരു ഇടയുമില്ല.

എന്തായിരുന്നാലും ഹദ്റത്ത് ഉബൈദുല്ലാഹിബ്നു ഉമറി(റ)ന്റെ ഇക്കാര്യത്തിലുള്ള നേരിട്ടുള്ള ഇടപെടൽ നിയമപരമായി അനുവദനീയമായിരുന്നില്ല. സ്വയം പ്രതികാരം ചെയ്യാനോ അവകാശം നേടിയെടുക്കാനോ ആർക്കും അധികാരമില്ല. ഇത്തരത്തിൽ പ്രശ്നങ്ങൾക്ക് വിധി കല്പിക്കാനുള്ള സവിശേഷ അധികാരം നബി(സ)തിരുമേനിക്കും ശേഷം ഖലീഫമാർക്കുമായിരുന്നു. അവർ ജനങ്ങൾക്കിടയിൽ കുറ്റവാളിക്കെതിരെ പ്രതിക്രിയാ നടപടിക്കുള്ള കല്പന നീതിപൂർവ്വം നടപ്പാക്കുമായിരുന്നു. ഈ വധം കൃത്യമായ ഗൂഢാലോചനയുടെ ഫലമാകാനുള്ള സാധ്യത തള്ളാനാകില്ല. ചില ചരിത്രകാരന്മാർ നല്കുന്ന തെളിവുകളും പ്രബലമായവയാണ്. എന്തെന്നാൽ ഹദ്റത്ത് ഉസ്മാനും(റ) ഇത്തരത്തിൽ ഒരു ഗൂഢാലോചനയ്ക്ക് ഇരയായി എന്ന കാര്യവും ഈ സംശയത്തിന് ബലം നല്കുന്നു. അതായത് ഇസ്‌ലാമിന്റെ വർദ്ധിച്ചുകൊണ്ടിരുന്ന അഭിവൃദ്ധിക്കും വിജയങ്ങൾക്കും തടയിടാനും തങ്ങളുടെ പ്രതികാരാഗ്നി തണുപ്പിക്കുന്നതിനു വേണ്ടിയും ബാഹ്യമായ ഘടകങ്ങളുടെ പ്രേരണയാൽ ഒരു ഗൂഢാലോചനയുടെ കീഴിൽ ഹദ്റത്ത് ഉമറിനെ(റ) ശഹീദാക്കുകയായിരുന്നു. വല്ലാഹു അഅ്‌ലം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) "*വലയുബദ്ദിലന്നഹും മിംബഅ്ദി ഖൗഫിഹിം അംനാ*" എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ടു പറയുന്നു. ഖലീഫമാർക്കാർക്കും തന്നെ തങ്ങൾക്ക് സംഭവിക്കരുതെന്ന് കരുതി ഭയന്നിരുന്ന വിപത്തുകൾ വന്നിട്ടില്ല. ഇനി അഥവാ വന്നിട്ടുണ്ടെങ്കിൽ തന്നെ അല്ലാഹു അത് സമാധാനത്തിന്റെ രൂപത്തിലാക്കിയിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ)ന്റെ കാര്യം തന്നെ നോക്കുക, അല്ലാഹുവേ നീയെനിക്ക് മദീനയിൽ ശഹാദത്ത് നല്കേണമേ എന്ന് അദ്ദേഹം എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. അത്തരത്തിലുള്ള അദ്ദേഹത്തിന്റെ ശഹാദത്തിൽ അദ്ദേഹം ഭയപ്പെട്ടിരുന്നു എന്ന് നമുക്കെങ്ങിനെ പറയാൻ സാധിക്കും? അദ്ദേഹത്തിന് ആശങ്കയുണ്ടാകുകയും അല്ലാഹു അത് സമാധാനത്തിന്റെ അവസ്ഥിലേക്ക് മാറ്റാതിരിക്കുകയുമോ? എന്നാൽ അല്ലാഹു ഉമർ(റ)ന്റെ ദുആ സ്വീകരിക്കുകയും അപ്പോഴും ഇസ്‌ലാമിന്റെ അന്തസ്സ് നിലനിറുത്തുകയുമാണ് ചെയ്തത്. അങ്ങനെ പുറമെനിന്നുള്ള ഒരു സൈന്യം മദീനയെ കടന്നാക്രമിക്കാതെ അകത്തുനിന്നുതന്നെ ഒരു നീചൻ പുറപ്പെടുകയും കഠാര കൊണ്ട് അദ്ദേഹത്തെ ശഹീദാക്കുകയും ചെയ്തു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അടിമകളെ മോചിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ ഹദ്റത്ത് ഉമറി(റ)ന്റെ ശഹാദത്തിനെ ആസ്പദമമാക്കി വിവരിച്ചുകൊണ്ട് പറയുന്നു; അടിമകളെയൊതൊരും മോചന ദ്രവ്യവും കൂടാതെ സ്വതന്ത്രമാക്കാനായിരുന്നു കല്പന. അങ്ങനെ സാധ്യമല്ലെങ്കിൽ ഏതെങ്കിലും അടിമക്ക് അത് ഒറ്റയടിക്ക് നല്കാൻ ശേഷിയില്ലെങ്കിൽ ഗഡുക്കാളായി നല്കാനുള്ള സംവിധാനവുമുണ്ടായിരുന്നു. ഹദ്റത്ത് ഉമറി(റ)നെ അത്തരം ഒരു അടിമ തന്നെയാണ് വധിച്ചത്. ഒരു കേസ് അദ്ദേഹത്തിന്റെ അടുത്ത് വന്നു. അതായത് ഒരടിമ നല്ലവണ്ണം സമ്പാദിക്കുമയായിരുന്നു എന്നിട്ടും യജമാനന് കുറച്ചായിരുന്നു നല്കിയിരുന്നത്. ഹദ്റത്ത് ഉമർ(റ) മൂന്നര അണ യജമാനന് നല്കാൻ അയാളെ ചുമതലപ്പെടുത്തി. അയാൾ താൻ ഒരു ഇറാനിയായിരുന്നതിനാൽ ആ വിധി തനിക്കെതിരായുള്ള വിധിയായി കരുതി. ആ ദേഷ്യത്തിൽ അടുത്ത ദിവസംതന്നെ കഠാര ഉപയോഗിച്ച് അദ്ദേഹത്തെ(റ) ആക്രമിച്ചു. ആ മുറിവു കാരണം അദ്ദേഹം ശഹീദായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ വേദനാജനകമായ സംഭവം വിവരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞിരിക്കുന്നു; ആ സംഭവത്തിന്റെ സ്വാധീനം ഇന്നും നിലനില്ക്കുന്നുണ്ട്. മരണം എപ്പോഴും എല്ലാവരോടൊപ്പവുമുണ്ട്. എന്നാൽ നല്ല ശാരീരിക ക്ഷമതയുള്ള സമയത്ത് ആരും മരണത്തെ പ്രതീക്ഷിക്കുകയില്ല. മറിച്ച് ശാരീരിക ബലഹീനതകൾ വെളിപ്പെട്ടു തുടങ്ങുകയും ആരോഗ്യം ക്രമേണ ക്ഷയോന്മുഖമാകുകയും ചെയ്യുമ്പോൾ ആളുകൾ ഭാവി സംവിധാനങ്ങളെക്കുറിച്ച് ചിന്തിച്ചുതുടങ്ങുന്നു. പരസ്പരം ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചില്ലെങ്കിലും ഭാവി കാര്യങ്ങളെക്കുറിച്ച് ശ്രദ്ധിക്കാനുള്ള ഒരു ചിന്താഗതി ഉടലെടുക്കുന്നു. അതു കൊണ്ടുതന്നെ അങ്ങനെ ഒരു സ്ഥിതിയിൽ നേതാവ് മരണപ്പെടുമ്പോൾ ജനങ്ങൾ ജാഗരൂകരാകുന്നു. ഹദ്റത്ത് ഉമറി(റ) പൂർണാരോഗ്യവാനായിരുന്നു. അദ്ദേഹത്തിന് 63 വയസ്സ് പ്രായമുണ്ടായിന്നുവെങ്കിലും ഉടനെ തങ്ങളിൽനിന്നും അദ്ദേഹം വേർപിരിയുമെന്ന ചിന്ത ജനങ്ങൾക്കുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഭാവി സംവിധാനങ്ങളെക്കുറിച്ച് അവർ ചിന്തിച്ചിരുന്നില്ല. ആ സമയത്താണ് ഉമർ(റ)ന്റെ വഫാത്താകുന്ന ആഘാതം അവർക്കേല്ക്കുന്നത്. ആ സമയത്ത് മുസ്‌ലീങ്ങളുടെ ജമാഅത്ത് മറ്റൊരു ഇമാ

മിനെ അംഗീകരിക്കാൻ സജ്ജമായിരുന്നില്ല. അങ്ങനെയൊരു തയ്യാറെടുപ്പിന്റെ കുറവു നിമിത്തം അവർക്ക് ഹദ്റത്ത് ഉസ്മാനോട്(റ) വേണ്ടത്ര ആഭിമുഖ്യമുണ്ടായിരുന്നില്ല. തൽഫലമായി ഇസ്‌ലാമിന്റെ അവസ്ഥ വളരെ ശോചനീയമായി. ഹദ്റത്ത് അലി(റ)യുടെ സമയത്ത് അത് കൂടുതൽ സങ്കീർണമായി. പിന്നീടുണ്ടായ കലാപങ്ങൾക്കും ഇതൊരു കാരണമാകാൻ സാധ്യതയുണ്ടെന്നാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ അഭിപ്രായം.

ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്തു സംഭവവുമായി ബന്ധപ്പെടുത്തി നമസ്കാരവേളകളിൽ സുരക്ഷയ്ക്കുവേണ്ടി പാറാവുകാരെ നിർത്തുന്നത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; ഹദ്റത്ത് ഉമർ(റ) മുസ്‌ലിംകളോടൊപ്പം നമസ്കാരത്തിൽ മുഴുകിയിരിക്കുമ്പോഴാണ് ഒരു തെമ്മാടി മുന്നോട്ട് വന്ന് കഠാര കൊണ്ട് ആക്രമിച്ചത്. സുരക്ഷയ്ക്കുവേണ്ടി മുസ്‌ലിംകളിൽ പകുതിപേരെ പാറാവു നിർത്തുവാനുള്ള വ്യക്തമായ കല്പന വിശുദ്ധ ഖുർആനിലുണ്ട്. അത് യുദ്ധാവസരത്തിലുള്ള കല്പനയാണെങ്കിലും ചെറിയ കുഴപ്പങ്ങൾ ഇല്ലാതാക്കുന്നതിനുവേണ്ടി കുറച്ചുപേരെ നമസ്കാരത്തിന്റെ സമയത്ത് പാറാവ് നിർത്തുന്നത് ആക്ഷേപാർഹമല്ല. ഈ സംഭവത്തിനു ശേഷം നമസ്കരിക്കുമ്പോഴെല്ലാം സ്വഹാബാക്കൾ സുരക്ഷയ്ക്കുവേണ്ടി പാറാവ് ഏർപ്പെടുത്തുമായിരുന്നു.

ഹദ്റത്ത് ഉമർ(റ) ആവശ്യക്കാർക്കും ദരിദ്രർക്കും വേണ്ടി ചെലവഴിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ വഫാത്തിന്റെ സമയത്ത് അദ്ദേഹത്തിന് എൺപത്തിയാറായിരം ദിർഹം കടബാധ്യതയുണ്ടായിരുന്നു. വഫാ ഉൽ വഫാ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് ഇബ്നുഉമർ(റ) ൽ നിന്നും നിവേദനം, ഹദ്റത്ത് അബ്ദുല്ലാഹ്(റ), ഹദ്റത്ത് ഹഫ്സ(റ) ഇരുവരോടും കടംവീട്ടുന്നതിനായി വീട് വിൽക്കുകയും വേണ്ടിവന്നാൽ ബനൂ അദിയിൽ നിന്നും ഖുറൈശിൽ നിന്നും മാത്രം സഹായം തേടുകയും ചെയ്യണമെന്ന് ഹദ്റത്ത് ഉമർ(റ) നിർദേശം നല്കി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ), ഹദ്റത്ത് മുആവിയ(റ)ക്ക് വീടു വിറ്റുകൊണ്ട് ഹദ്റത്ത് ഉമറി(റ)ന്റെ കടം വീട്ടി. പിന്നീട് ആ വീട് ദാറുൽഖളാഇ ദൈനി ഉമർ എന്ന് അറിയപ്പെട്ടു. അതായത് ഹദ്റത്ത് ഉമറി(റ)ന്റെ കടം വീട്ടാൻ ഉപയോഗിച്ച വീട്. ഈ വിവരണം ഇനിയും തുടരുന്നതാണ് ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Jalsa Gah, Hadeeqatul Mahdi, Alton, UK – on 15-10-2021
Malayalam Translation: **K.Najmudheen** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516